ഭൂരഹിതരായ ആദിവാസികൾക്കുള്ള ഭൂമി വിതരണം

116 [399] ശ്രീ. ജോസഫ് എം. പുതുശ്ശേരി :

,, സ്റ്റീഫൻ ജോർജ് :

,, തോമസ് ഉണ്ണിയാടൻ :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യാൻ 7693.23 ഹെക്ടർ വനഭൂമി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൻമേൽ വനഭൂമി കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ ഉത്തരവിലെ നിബന്ധനകൾ എന്തെല്ലാമെന്നു വിശദമാക്കാമോ;

(ഡി) 13,223 ഹെക്ടർ ഭൂമി സംസ്ഥാന വനംവകുപ്പ് ഏറ്റെടുത്ത് റിസർവ്വ് വനമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ ഭൂമി എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ ഉത്തരവിലെ നിബന്ധനകൾ താഴെപ്പറയുന്നവയാണ്.

1. ആദിവാസി കുടുംബങ്ങൾക്ക് പരമ്പരാഗതാർജിത അവകാശം ഉള്ളതും പക്ഷേ കൈമാറ്റപ്പെടാത്തതുമായ അവകാശം അവർക്കു നൽകുന്ന വനഭൂമിയിൽ നൽകേണ്ടതാണ്.

2. ആദിവാസികളുടെ ഉന്നമനത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

3. താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട 13,223.31 ഹെക്ടർ വനഭൂമി വനം വകുപ്പിന്റെ പൂർണ്ണ അധീനതയിലാക്കി പരിപാലനത്തിനും മെച്ചപ്പെട്ട സംരക്ഷണത്തിനുമായി 1961-ലെ കേരള വനനിയമത്തിലെ 4-ാം വകുപ്പുപ്രകാരം റിസർവ് വനമായി പ്രഖ്യാപിക്കേണ്ടതും ഇതു പരിഹാര വനവത്ക്കരണത്തിന്റെ കണക്കിൽപ്പെടുത്തേണ്ടതുമാണ്.

(എ) സ്വകാര്യ വ്യക്തികളിൽനിന്ന് ഏറ്റെടുത്ത പാരിസ്ഥിതിക പ്രാധാന്യമുള്ള 11,000 ഹെക്ടർ ഭൂമി.

(ബി) പ്ളാന്റേഷൻ കോർപ്പറേഷന്റെ വക ആലക്കോട് എസ്റ്റേറ്റിലെ വൃക്ഷനിബിഡമായ 70 ഹെക്ടർ.

(സി) കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ റവന്യൂ തദ്ദേശ സ്ഥാപനങ്ങൾ, സ്വകാര്യവ്യക്തികൾ എന്നിവരുടെ കൈവശമുള്ള കണ്ടൽ വനമായ 1160 ഹെക്ടർ ഭൂമി.

(ഡി) കണ്ണൂരിലെ നിർദ്ദിഷ്ട ആനത്താരക്കുള്ള 50 ഹെക്ടർ സ്വകാര്യഭൂമി.

(ഇ) സുഗന്ധഗിരി, പൂക്കോട് എസ്റ്റേറ്റുകളിൽ ലഭ്യമായിട്ടുള്ള 653.31 ഹെക്ടർ നിബിഡവനം.

(എഫ്) കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ യഥാക്രമം 40-ഉം 250-ഉം ഹെക്ടറുകൾ വരുന്ന സ്വകാര്യ വനഭൂമി.

4. പദ്ധതി വനം വകുപ്പ് മുഖേന നടപ്പിലാക്കേണ്ടതും ഇതിനു മേൽനോട്ടം വഹിക്കുന്നതിനായി വനംവകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ റീഹാബിലിറ്റേഷൻ കമ്മീഷണറായി നിയമിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥൻ വനത്തിന്റെ പാരിസ്ഥിതിക വൈവിദ്ധ്യം സംരക്ഷിക്കുകയും ആദിവാസികൾക്ക് ജീവനോപാധികൾ നൽകാൻ നടപടി എടുക്കേണ്ടതുമാണ്.

5. സംസ്ഥാനത്ത് നിലവിലുള്ള ലാന്റ് അസൈൻമെന്റ് ചട്ടങ്ങൾ ഇപ്പോഴത്തെ പദ്ധതിക്ക് ബാധകമാകരുത്.

6. ഇതിലേക്കാവശ്യമായ തുക സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണം.

(ഡി) ഉണ്ട്.

(ഇ) ഉത്തരം 'സി'യിൽ പറയുന്ന പ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly